"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - നിയോജക മണ്ഡല ആസ്തിവികസന പദ്ധതി - പട്ടാമ്പി നിയോജക മണ്ഡലത്തിലെ തിരുവേഗപ്പുറം പഞ്ചായത്തിലെ നടുവട്ടം ജനത ഹയർസെക്കന്ററി സ്കൂളിന് ബഹു എം.എൽ.എ യുടെ 2016-17 സാമ്പത്തികവർഷത്തെ ആസ്തിവികസന ഫണ്ടിൽ നിന്നും നേരത്തെ അനുവദിച്ചിട്ടുള്ളതും പിന്നീട് റദ്ദ് ചെയ്യതുമായ ഫണ്ട് അതേ സ്കൂളിലെ ഹയർ സെക്കണ്ടറി തലത്തിൽ ക്ലാസ് മുറികളോ അനുബന്ധ സൗകര്യങ്ങളോ മെച്ചപ്പെടുത്തുന്നതിലേക്കായുള്ള പ്രവർത്തിക്ക് വിനിയോഗിക്കുന്നതിനു ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (എം) വകുപ്പ്

സ.ഉ.(സാധാ) നം.5525/2022/GEDN തീയതി,തിരുവനന്തപുരം, 20-09-2022

---

പരാമർശം:-

1. 16/10/2020 ലെ സ.ഉ.(സാധാ) നം.2805/2020/പൊവിവ നമ്പർ ഉത്തരവ്
2. 22/02/2021 ലെ സ.ഉ.(സാധാ) നം.1856/2021/പൊവിവ നമ്പർ ഉത്തരവ്
3. 31.05.2022 ൽ ബഹു പട്ടാമ്പി എം.എൽ.എ ശ്രീ . മുഹമ്മദ് മുഹസ്സിൻ ബഹു . ധനകാര്യവകുപ്പ് മന്ത്രിക്ക് നൽകിയ കത്ത്
4. 11/08/2022 ലെ സ.ഉ.(സാധാ) നം.5743/2022/ധന നമ്പർ ഉത്തരവ്

**ഉത്തരവ്**

പട്ടാമ്പി നിയോജക മണ്ഡലത്തിലെ തിരുവേഗപ്പുറം പഞ്ചായത്തിലെ നടുവട്ടം ജനത ഹയർസെക്കന്ററി സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്ന പദ്ധതിക്കായി കിഫ്ബിയിൽ നിന്നും അനുവദിച്ച അഞ്ച് കോടി രൂപക്ക് പുറമേ ബഹു.എം.എൽ.എയുടെ 2016-17 സാമ്പത്തികവർഷത്തെ ആസ്തി വികസന ഫണ്ടിൽനിന്നും അനുവദിച്ച 98 ലക്ഷം രൂപ ഇതേ സ്കൂളിലെ ഹയർസെക്കന്ററി തലത്തിൽ ക്ലാസ് മുറികളോ അനുബന്ധ സൗകര്യങ്ങളോ മെച്ചപ്പെടുത്തുന്നതിനായി വിനിയോഗിക്കുന്നതിന് പരാമർശം (1) പ്രകാരം ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുകയും പരാമർശം (2) പ്രകാരം ടി ഉത്തരവ് റദ്ദാക്കുകയും ചെയ്തു.

2. ബഹു എം.എൽ.എ യുടെ പരാമർശം (3) കത്തിന്റെ അടിസ്ഥാനത്തിൽ നടുവട്ടം ജനത ഹയർസെക്കണ്ടറി സ്കൂളിന്റെ ക്ലാസ് മുറികളും അനുബന്ധ സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിലേക്കായി ആവശ്യമായ തുക വിനിയോഗിച്ച് ഭരണാനുമതി പുറപ്പെടുവിക്കുന്നതിന് പരാമർശം (4) ഉത്തരവ് പ്രകാരം പ്രത്യേകാനുമതി നൽകിയിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (4) ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടുവട്ടം ജനത ഹയർ സെക്കണ്ടറി സ്കൂളിന്റെ ക്ലാസ് മുറികളും അനുബന്ധ സൗകര്യങ്ങളും മെച്ചപ്പെടുത്തുന്ന പ്രവർത്തിയ്ക്ക് 98 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സ.ഉ.(സാധാ) നം.5525/2022/GEDN

ജയശ്രീ എം

ജോയിന്റ് സെക്രട്ടറി

1. ശ്രീ . മുഹമ്മദ് മുഹസ്സിൻ.പി , എം.എൽ.എ , പട്ടാമ്പി നിയോജക മണ്ഡലം, എം.എൽ.എ ക്യാമ്പ് ഓഫീസ്, മേലേ പട്ടാമ്പി , പാലക്കാട്
2. പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
3. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, നവകേരളം കർമപദ്ധതി - വിദ്യാകിരണം, തിരുവനന്തപുരം
4. ചീഫ് എൻജിനീയർ , പൊതുമരാമത്ത് കെട്ടിട വിഭാഗം , തിരുവനന്തപുരം
5. ചീഫ് എൻജിനീയർ , തദ്ദേശസ്വയംഭരണ വകുപ്പ് , തിരുവനന്തപുരം
6. വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട്
7. ധനകാര്യ വകുപ്പ്
8. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, തിരുവനന്തപുരം (പൊതുവിദ്യാഭ്യാസ വകുപ്പിന്റെ സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് )
9. ഐ & പി.ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്
10. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Namitha T

Date: 20-09-2022 18:03:30

സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു.പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പി.എസിന്

പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്